**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1633** **03-02-2026 - ൽ മറുപടിയ്ക്ക്**

**വെള്ളറട ഗ്രാമപഞ്ചായത്തിൽ സബ് രജിസ്ട്രാർ ഓഫീസ് മന്ദിരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | വെള്ളറട ഗ്രാമപഞ്ചായത്തിൽ സബ് രജിസ്ട്രാർ ഓഫീസ് മന്ദിരം നിർമ്മിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്ഥലം ലഭ്യമാക്കി രജിസ്ട്രേഷൻ വകുപ്പിന് കൈമാറി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട ഫയൽ നമ്പറും സ്ഥലത്തിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ; | (എ) | വെള്ളറട ഗ്രാമപഞ്ചായത്തിൽ സബ് രജിസ്ട്രാർ ഓഫീസ് മന്ദിരം നിർമ്മിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്ഥലം ലഭ്യമാക്കി രജിസ്ട്രേഷൻ വകുപ്പിന് കൈമാറി നൽകിയിട്ടില്ല. |
| (ബി) | പ്രസ്തുത മന്ദിര നിർമ്മാണവുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ വകുപ്പ് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും നിലവിൽ ഈ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ; | (ബി) | ഭൂമി രജിസ്ട്രേഷൻ വകുപ്പിന് വിട്ടു കിട്ടിയ ശേഷം മാത്രമേ വകുപ്പിൽ നിന്നും തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (സി) | മന്ദിര നിർമ്മാണത്തിനായി ഭരണാനുമതിയോ സാങ്കേതികാനുമതിയോ ലഭ്യമായിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട വകുപ്പുതല ഫയൽ നമ്പറുകൾ ലഭ്യമാക്കാമോ; | (സി) | മന്ദിര നിർമ്മാണത്തിനായി ഭരണാനുമതിയോ സാങ്കേതികാനുമതിയോ നൽകിയിട്ടില്ല. ഭൂമി രജിസ്ട്രേഷൻ വകുപ്പിന് വിട്ടു കിട്ടിയ ശേഷം മാത്രമേ വകുപ്പിൽ നിന്നും തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (ഡി) | പ്രസ്തുത ഓഫീസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ; ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | ഭൂമി രജിസ്ട്രേഷൻ വകുപ്പിന് വിട്ടു കിട്ടുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. നിർമ്മാണ പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ